"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ്- പെരുന്തൊടിപ്പാടം എ.എം.എൽ.പി. സ്കൂളിന്റെ മാനേജർ സമർപ്പിച്ച റിവിഷൻ അപ്പീൽ തീർപ്പാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ(എസ് സി) വകുപ്പ്

സ.ഉ.(സാധാ) നം.5318/2022/GEDN തീയതി,തിരുവനന്തപുരം, 06-09-2022

പരാമർശം:-
1. പെരുന്തൊടിപ്പാടം എ.എം.എൽ.പി. സ്കൂളിന്റെ മാനേജർ സമർപ്പിച്ച റിവിഷൻ അപ്പീൽ
2. 26/07/2022 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ DGE/6265/2022-RA3 നമ്പർ കത്ത്.
3. 27/08/2021 ലെ പരപ്പനങ്ങാടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഇ/1905/2021 നമ്പർ കത്ത്

ഉത്തരവ്

പെരുന്തൊടിപ്പാടം വിദ്യാർത്ഥികളെ സംബന്ധിച്ച വിവരങ്ങൾ സമ്പൂർണ്ണയുടെ വെബ് പോർട്ടലിൽ രേഖപ്പെടുത്തിയപ്പോൾ സംഭവിച്ച പിഴവ് കാരണം നഷ്ടപ്പെട്ട അറബിക് അധ്യാപിക തസ്തിക പുനഃസ്ഥാപിച്ച് നല്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പെരുന്തൊടിപ്പാടം എ.എം.എൽ.പി. സ്കൂളിന്റെ മാനേജർ പരാമർശം 1 പ്രകാരം സർക്കാരിൽ റിവിഷൻ അപ്പീൽ സമർപ്പിച്ചിരുന്നു.

2. മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന പെരുന്തൊടിപ്പാടം എഎംഎൽ പി സ്കൂളിൽ 2019-20 അദ്ധ്യയന വർഷത്തെ ആറാം പ്രവൃത്തി ദിനവുമായി ബന്ധപ്പെട്ട വിദ്യാർത്ഥികളുടെ വിവരങ്ങൾ പ്രധാനാദ്ധ്യാപിക സമ്പൂർണയിൽ ചേർക്കുമ്പോൾ പ്രസ്തുത കാലയളവിൽ വിദ്യാലയത്തിൽ പഠിച്ചിരുന്നവരും 2019-20 വർഷം രണ്ട് മുതൽ നാല് ക്ലാസുകളിലേയ്ക്ക് സ്ഥാനക്കയറ്റം കിട്ടിയവരുമായ അറബിക് ഭാഷ അഡീഷണൽ ആയി പഠിക്കുന്ന 125 കുട്ടികളെ പ്രസ്തുത വിഭാഗത്തിൽ ചേർക്കുവാൻ വിട്ടുപോയിരുന്നു. പുതുതായി ഒന്ന് മുതൽ നാലു വരെയുള്ള ക്ലാസുകളിൽ പ്രവേശനം നേടിയ 72 കുട്ടികളുടെ വിവരം മാത്രമാണ് ഉൾപ്പെടുത്താൻ സാധിച്ചത്. ടി വിവരം പെരുന്തൊടിപ്പാടം എഎംഎൽപിഎസിലെ പ്രധാനാദ്ധ്യാപിക 2019-20 അദ്ധ്യയന വർഷം ആറാം പ്രവൃത്തി ദിവസത്തിന്റെ അടുത്ത ദിവസം തന്നെ പരപ്പനങ്ങാടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു. 2016-17 വർഷം സ്കൂളിൽ അനുവദിച്ചിരുന്ന 2 അറബിക് തസ്തികയിൽ ഒരു തസ്തിക 2019-20 വർഷത്തിൽകുറഞ്ഞ് പോകുകയും 2016-17 വർഷം നിയമനം അംഗീകാരം പ്രതീക്ഷിച്ച് ജോലിചെയ്തുവന്നിരുന്ന അദ്ധ്യാപികയ്ക്ക് ജോലി നഷ്ടപ്പെടുന്ന സാഹചര്യമായതിനാൽ പ്രസ്തുത പിഴവ് നികത്തി 2 അറബിക് തസ്തിക അനുവദിച്ച് നല്കണമെന്നാണ് ആവശ്യം.

3. സമാനമായ മറ്റൊരു കേസിൽ മലപ്പുറം ജില്ലയിലെ പറവന്നൂർ ഇ.എം.എ. എൽ. പി.എസിൽ 2019-20 വർഷം ടി സ്കൂളിൽ ഒന്നാം തരത്തിൽ അറബി പഠിക്കുന്നതിന് 33 കുട്ടികൾ

ഉണ്ടായിരുന്നുവെങ്കിലും ഹെഡ്മാസ്റ്റർ അത് തെറ്റായി 30 എന്നാണ് സമന്വയയിൽ രേഖപ്പെടുത്തിയത്. എന്നതിനാൽ, 2 അറബിക് തസ്തിക അനുവദനീയമായിരുന്നിട്ടും ഒന്നു മാത്രമേ അനുവദിച്ചിട്ടുള്ളു എന്നുമുള്ള മാനേജരുടെ വാദത്തിന്മേൽ ഹിയറിംഗ് നടത്തുകയും ഒന്നാം തരത്തിൽ 33 കുട്ടികൾ അറബി പഠിക്കാനുണ്ടായിരുന്നു എന്നും സമന്വയയിൽ ചേർത്തപ്പോൾ തെറ്റ് പറ്റിയതാണെന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 05/05/2021 ൽ സ.ഉ(സാധാ)നം.2744/2021/ പൊ വി വ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും ഹർജിയിൽ സൂചിപ്പിച്ചിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം നിലവിലുള്ള ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരിശോധിച്ചു. അതിൻ പ്രകാരമുള്ള നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

ഒന്ന്) 2, 3, 4 ക്ലാസ്സുകളിൽ അറബിക് ഭാഷ പഠിക്കുന്ന 125 കുട്ടികളുടെ എണ്ണം "സമ്പൂർണ"യിൽ ചേർക്കാൻ വിട്ടുപോയെന്നാണ് ഡയറക്ടറുടെ റിപ്പോർട്ട്. "സമ്പൂർണ" പ്രകാരം ആറാം അധ്യയന ദിവസം മുസ്ലിം സമുദായത്തിലുപ്പെടുന്ന കുട്ടികളുടെ എണ്ണം 197 ആണ്. എന്നാൽ, അറബിക് പഠിക്കുന്ന 72 കുട്ടികളുടെ വിശദാംശങ്ങൾ മാത്രമേ "സമ്പൂർണ"യിൽ ചേർത്തുള്ളൂ എന്നും, അതുകൊണ്ട് ബാക്കി 125 പേരെ കൂടി ഉൾപ്പെടുത്താമായിരുന്നു എന്നുമാണ് പരപ്പനങ്ങാടി എ.ഇ.ഒ, മലപ്പുറം ഡി.ഡി. എന്നിവരുടെ നിലപാട് എന്ന് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഇക്കാര്യം പരിശോധിക്കുമ്പോൾ, ഒരു സ്കൂളിൽ അഡ്മിഷൻ എടുക്കുന്ന മുസ്ലിം സമുദായത്തിലുപ്പെടുന്ന എല്ലാ കുട്ടികളെയും അറബിക് ഭാഷ പഠിക്കുന്നവരായി കണക്കിലെടുക്കേണ്ടതാണെന്നോ, മാത്രമല്ല, മുസ്ലിം സമുദായത്തിലുപ്പെടുന്ന കുട്ടികൾക്കു മാത്രമേ അറബിക് പഠിക്കാവൂ എന്നോ ചട്ടങ്ങളിലോ ഉത്തരവുകളിലോ നിഷ്കർഷിച്ചിട്ടില്ല എന്നു കാണാവുന്നതാണ്. ഈ സാഹചര്യത്തിൽ, മുസ്ലിം സമുദായത്തിലുപ്പെടുന്ന കുട്ടികളുടെ എണ്ണം 197 ആയതുകൊണ്ടുമാത്രം ബാക്കി 125 പേരെ കൂടി അറബിക് ഭാഷ പഠിക്കുന്നവരായി കണക്കിലെടുക്കണമെന്ന തരത്തിലുള്ള നിലപാട് അടിസ്ഥാനരഹിതമായി കാണപ്പെടുന്നു.

രണ്ട്) റിപ്പോർട്ടിലെ സ്ഥിതിവിവരകണക്കിൽ പൊരുത്തക്കേടുള്ളതായി കാണപ്പെടുന്നു. അതായത്, ഒന്നാം തരത്തിൽ ഇഫക്ടീവ് സ്ട്രെങ്ത് 50 ആണ്. എന്നാൽ അവിടെ 54 കുട്ടികൾ അറബ് പഠിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു . മാത്രമല്ല, രണ്ടാം ക്ളാസ്സിൽ 11, മൂന്നിൽ 6, നാലിൽ 1 എന്നിങ്ങനെ എണ്ണം കുട്ടികൾ അറബ് പഠിക്കുന്നതായി സമ്പൂർണയിൽ പ്രഥമാദ്ധ്യാപകൻ രേഖപ്പെടുത്തി നൽകിയിട്ടുണ്ട്. അതേ പ്രഥമാദ്ധ്യാപകൻ അതേ 2, 3, 4 ക്ലാസ്സുകളിൽ അറബിക് ഭാഷ പഠിക്കുന്ന ബാക്കി 125 കുട്ടികളുടെ എണ്ണം ചേർക്കാൻ വിട്ടുപോയതാണെന്നു റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത് വിശ്വാസജനകമായി കാണപ്പെടുന്നില്ല. കെ.ഇ.ആർ അദ്ധ്യായം VI ലെ വിവിധ ചട്ടങ്ങൾ പ്രകാരം അഡ്മിഷൻ സംബന്ധമായ നടപടിക്രമങ്ങളിൽ പൂർണ്ണ ഉത്തരവാദിത്വം നൽകപ്പെട്ടിട്ടുള്ള പ്രഥമാദ്ധ്യാപകന് പ്രസ്തുത ചട്ടങ്ങൾ നിർവ്വഹിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന കാര്യത്തിൽ ടിയാന്റെ വിശദീകരണം വാങ്ങി തുടർനടപടി സ്വീകരിക്കേണ്ടതായിരുന്നു. അപ്രകാരം നടപടി സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടില്ല.

മൂന്ന്) പഠിക്കുന്ന കുട്ടികളുടെ വിവരങ്ങൾ ആറാം അധ്യയന ദിവസം സമ്പൂർണ്ണയിൽ രേഖപ്പെടുത്താൻ പ്രഥമാദ്ധ്യാപകൻ വിട്ടുപോയതാണെങ്കിൽ അത് തുടർന്ന് എന്നായാലും, ഏതു സമയത്തും പ്രഥമാദ്ധ്യാപകനു രേഖപ്പെടുത്താവുന്ന തരത്തിലാണ് പ്രസ്തുത സോഫ്റ്റ്വെയർ അറേഞ്ച് ചെയ്തിരിക്കുന്നത്. ഇവിടെ, പ്രസ്തുത സാദ്ധ്യത പ്രഥമാദ്ധ്യാപകൻ

പ്രയോജനപ്പെടുത്തിയിട്ടില്ല. പകരം, പ്രഥമാദ്ധ്യാപകൻ ഡയറക്ടറോട് പ്രസ്തുത 125 കുട്ടികളുടെ എണ്ണം ചേർക്കാൻ അനുമതി വേണമെന്ന് ഡി.ഡി വഴി അപേക്ഷിച്ചതിൻറ്റെ ഒരു രേഖ ഹാജരാക്കിയിട്ടുണ്ട് . പ്രസ്തുത അപേക്ഷയിലെ തീയതി 8.7.2019 ആണെങ്കിലും, ആയത് പരിശോധിച്ച ഡി.ഡിയുടെ ഓഫീസിലെ ഫയൽ 2021-ലുള്ളതാണെന്നും, ഇക്കാര്യത്തിൽ എ.ഇ.ഒ.യുടെ റിപ്പോർട്ടു സഹിതം ഡയറക്ടർക്ക് അപേക്ഷ നൽകാൻ 27.7.2021-ന് നിർദ്ദേശം നൽകിയതായും കാണുന്നു. അതനുസരിച്ച് 24.8.2021-ന് മാനേജർ എ.ഇ.ഒ. മുഖേന ഡയറക്ടർക്ക് അപേക്ഷ നൽകിയതായും കാണുന്നു. ഇതിൽ നിന്നും പ്രഥമാദ്ധ്യാപകന്റ്റെ 8.7.2019 എന്ന അപേക്ഷ തീയതി യുടെ നിജസ്ഥിതി സംശയാസ്പദമായി കാണപ്പെടുന്നു. രണ്ടു വർഷത്തിലേറെ പ്രഥമാദ്ധ്യാപകൻ/ മാനേജർ ഇക്കാര്യം ഡി.ഡി. ഓഫീസിൽ ഫോളോ അപ് ചെയ്തിരുന്നില്ല എന്നും കരുതുന്നതിനും പരിമിതിയുണ്ട്. ഈ സാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോഴും, 2019-20 ലെ "സമ്പൂർണ"യിൽ കൂട്ടിച്ചേർക്കലുകൾ വരുത്തണമെന്ന ആവശ്യം സർക്കാർ മുമ്പാകെ പരിശോധനയ്ക്ക വന്നത് 2022-ൽ മാത്രമാണെന്നുള്ളതുകൊണ്ടും മാനേജറുടെ ആവശ്യം അംഗീകരിക്കത്തക്കതായി കാണുന്നില്ല.

നാല്) മുകളിൽ സൂചിപ്പിച്ചവിധം, ആറാം അധ്യയന ദിവസം ചേർക്കാൻ വിട്ടുപോയ വിവരം അതിനുശേഷം എന്നായാലും, ഏതു സമയത്തും സമ്പൂർണ്ണയിൽ പ്രഥമാദ്ധ്യാപകനു രേഖപ്പെടുത്താവുന്നതാണെങ്കിലും ഒരേയൊരു വസ്തുത ശ്രദ്ധിക്കാനുള്ളത് സമ്പൂർണയിലെ "6th working day strength" എന്നത് ആറാം സാധ്യായ ദിവസം വൈകിട്ട് നിർദ്ദിഷ്ട സമയപരിധിയ്ക്കുള്ള സ്ഥിതിവിവരക്കണക്കുകൾ സമ്പൂർണയിൽ നിന്ന് വേർതിരിച്ചെടുത്ത് പ്രത്യേകം സൂക്ഷിക്കുകയും പിന്നീട് തസ്തിക നിർണ്ണയത്തിനായി സമന്വയ പോർട്ടലിൽ സിങ്ക് ചെയ്യുമെന്നതാണ്. ഇപ്രകാരം സിങ്ക് ചെയ്ത് സൂക്ഷിക്കുന്ന ഡാറ്റയിൽ *[ആറാം സാധ്യായ ദിനത്തിനുശേഷം സമ്പൂർണ്ണയിൽ മേല്പറഞ്ഞവിധം പ്രഥമാദ്ധ്യാപകൻ കൂട്ടിച്ചേർക്കലുകൾ വരുത്തിയിട്ടുണ്ടെങ്കിൽ തന്നെയും]* തിരുത്തലുകൾ വരുത്താനാകാത്ത വിധമാണ് പ്രസ്തുത സോഫ്റ്റ് വെയർ അറേഞ്ച് ചെയ്തിരിക്കുന്നത്. "6th working day strength" ൽ കൂടെക്കൂടെ തിരുത്തലുകൾ വരുത്തിക്കൊണ്ടിരുന്നാൽ തസ്തിക നിർണ്ണയത്തിന്റെ പ്രസക്തി നഷ്ടമാകുമെന്നതിനാലാണ് ഇക്കാര്യം യുക്തിഭദ്രമായി ചെയ്തിട്ടുള്ളതെന്ന് കാണാവുന്നതാണ്. "സമ്പൂർണ"യിലെ "6th working day strength" ൽ പിന്നീട് യാതൊരു മാറ്റവും വരുത്താൻ കഴിയില്ലെന്നും ആയതിനാൽ ആറാം സാധ്യായ ദിനത്തിലെ കണക്കുകൾ നൽകുമ്പോൾ അതീവ ശ്രദ്ധ പുലർത്തണമെന്നും എല്ലാ വർഷവും ഡയറക്ടർ പ്രഥമാധ്യാപകർക്ക് അറിയിപ്പ് നൽകുന്നത് മേല്പറഞ്ഞ സാഹചര്യത്തിലാണ്. 2019-20 വർഷത്തിലും ഇതേ നിർദ്ദേശം ഡയറക്ടർ നൽകിയിട്ടുണ്ട്.

അഞ്ച്) ഇനി മാനേജറുടെ ആവശ്യം സാങ്കേതികമായി പരിശോധിച്ചാൽ, നേരത്തെ സൂചിപ്പിച്ചപ്രകാരം സമ്പൂർണയിൽ നിന്ന് വേർതിരിച്ചു മാറ്റി സൂക്ഷിക്കുന്ന "6th working day strength" ൽ മാറ്റമൊന്നും വരുത്താൻ കഴിയാത്ത വിധത്തിലാണ് ആ സോഫ്റ്റ്വെയർ നിർമ്മിച്ചിരിക്കുന്നത്. ഇതിൽ മാറ്റം വരുത്തണമെങ്കിൽ സോഫ്റ്റ്വെയർ അഴിച്ചുപണിയേണ്ടി വരുന്നതും അക്കണക്കിൽ വളരയേറെ സമയവും മനുഷ്യാദ്ധ്വാനവും ആവശ്യമായി വരുകയും ചെയ്യും. മാത്രമല്ല, സമന്വയ, സമ്പൂർണ്ണ എന്നിവയുടെ പരിപാലനം നിർവ്വഹിച്ചുവരുന്ന പൊതുവിദ്യാഭ്യാസ ഡയറക്ടർ അതതുകാലം നൽകുന്ന നിർദ്ദേശങ്ങൾ പ്രകാരം സമ്പൂർണ്ണയിൽ ഉൾപ്പെടുത്തുന്ന കുട്ടികളുടെ വിശദാംശങ്ങളിലുണ്ടാകുന്ന പിഴവുകൾ മുൻ വർഷങ്ങളിലെ ആറാം പ്രവൃത്തിദിന കണക്കെടുപ്പ് സോഫ്റ്റ്വെയറിലേയ്ക്ക് യാതൊരു കാരണവശാലും ഉൾപ്പെടുത്തരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ടെന്നും, അതിനാൽ, പ്രസ്തുത ഡാറ്റ

എഡിറ്റ് ചെയ്യാൻ ഒരു സ്കൂളിനും ഇതുവരെ അവസരം നൽകിയിട്ടില്ലെന്നും ഇക്കാര്യം സാങ്കേതികപരമായും സാദ്ധ്യമല്ലെന്നും KITE ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ അറിയിച്ചിട്ടുള്ളതായും കാണുന്നു. ആയതിനാൽ 2019 -20 ലെ "സമ്പൂർണ"യിലെ "6th working day strength" ൽ മാറ്റം വരുത്താൻ അനുവദിക്കണമെന്ന അപേക്ഷ സാങ്കേതികമായും പരിഗണനാർഹമല്ല.

ആറ്) കുട്ടികളുടെ വിവരം ചേർക്കാൻ പ്രഥമാദ്ധ്യാപകൻ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ അത് ഗുരുതരമായ വീഴ്ചയാണ്. "സമ്പൂർണയിലെ "6th working day strength" ൽ മാറ്റം വരുത്താൻ അനുവദിച്ചുകൊണ്ട് പ്രസ്തുത വീഴ്ചയ്ക്ക് പരിഹാരം കാണാനാകില്ല. അത് അനാവശ്യമായ ഒരു കീഴ് വഴക്കത്തിനു വഴിയൊരുക്കും. അപ്പീൽ അധികാരികൾ അക്കാലത്ത് സ്കൂളിൽ പരിശോധന നടത്തി കുട്ടികൾ ഉണ്ടെന്നു ബോധ്യപ്പെട്ടിരുന്നെങ്കിൽ പ്രസ്തുത കുട്ടികളെക്കൂടി തസ്തികനിർണയത്തിന് പരിഗണിക്കാൻ ഉത്തരവ് നൽകാൻ കഴിയുമായിരുന്നു എന്ന വസ്തുതയും ഇത്തരുണത്തിൽ ശ്രദ്ധിക്കാവുന്നതാണ്. *(എന്നാൽ, ഈ നടപടി സാദ്ധ്യമാകുന്നവിധം നിശ്ചിത സമയപരിധിയ്ക്കുള്ളിൽ മാനേജർ തസ്തികനിർണ്ണയ ഉത്തരവിനെതിരെ സ്റ്റാറ്റ്യൂട്ടറി റിവിഷനുകൾ ഡയറക്ടർക്കോ സർക്കാരിനോ സമർപ്പിച്ചിരുന്നില്ല)* 2019-20 ലെ 2, 3, 4 ക്ലാസ്സുകളിൽ പഠിച്ചിരുന്ന കുട്ടികൾ 2022-23 വർഷം സ്കൂളിൽ ഉണ്ടാകില്ല എന്നതിനാൽ ഇനി അത്തരം ഒരു പരിശോധനയ്ക്കും പ്രസക്തിയില്ല. ചുരുക്കത്തിൽ, മാനേജർ ഉന്നയിച്ചിരിക്കുന്ന ആവശ്യം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനു സാദ്ധ്യമാകാത്തവിധം കാലഹരണപ്പെട്ടു കഴിഞ്ഞതായി കാണപ്പെടുന്നു.

ഏഴ്) റിവിഷൻ ഹർജിയിലെ മാനേജരുടെ ആവശ്യം പരിഗണിക്കുന്നതിന്റെ നിയമവശം പരിശോധിച്ചാൽ, ആറാം പ്രവൃത്തിദിന കണക്കെടുപ്പിന് ഉൾപ്പെടുത്താൻ വിട്ടുപോയെന്ന് അവകാശപ്പെടുന്നതായ 125 കുട്ടികളുടെ എണ്ണം കണക്കിലെടുത്ത് തസ്തികനിർണ്ണയം പുതുക്കുന്നതിനും അതിൻ പ്രകാരം രണ്ടാമത്തെ അറബിക് ടീച്ചർ തസ്തിക അനുവദിക്കുന്നതിനുമാണ് അഭ്യർത്ഥിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ മാനേജർ കെ.ഇ.ആർ പ്രകാരം അപ്പീൽ/റിവിഷൻ സാദ്ധ്യതകൾ യഥാസമയം പ്രയോജനപ്പെടുത്തിയിരുന്നതായി റിപ്പോർട്ടുകളിൽ പരാമർശിച്ചു കാണുന്നില്ല. തസ്തികനിർണ്ണയം പുതുക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നത് കെ.ഇ.ആർ അദ്ധ്യായം XXIII ചട്ടം 12F പ്രകാരമാണ്. അത് ചുവടെ ഉദ്ധരിക്കുന്നു:-

12F. *Notwithstanding anything contained in this chapter, the Government may, at any time, on their own motion or otherwise, after calling for the records of the case revise any order passed by the Director of Public Instruction.*

അതനുസരിച്ച്, ഡയറക്ടർ പുറപ്പെടുവിച്ച ഉത്തരവിനെ റിവൈസ് ചെയ്യാമെന്നല്ലാതെ മറ്റു സബോർഡിനേറ്റ് അതോറിറ്റികളുടെ തസ്തികനിർണ്ണയ ഉത്തരവിൽ മാറ്റം വരുത്താൻ സർക്കാരിന് സ്റ്റാറ്റ്യൂട്ടറി അധികാരം നൽകിയിട്ടില്ല. ഈ കേസിൽ കെ.ഇ.ആർ അദ്ധ്യായം XXIII ചട്ടം 12E പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവു പുറപ്പെടുവിച്ചിട്ടില്ലാത്ത സ്ഥിതിയ്ക്ക്, 2019-20 ലെ തസ്തികനിർണ്ണയം പുതുക്കി ഒരു അറബിക് ടീച്ചർ തസ്തിക അനുവദിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതിനു നിയമാനുസൃതം സർക്കാരിനു നിർവ്വാഹമില്ലെന്നു കാണുന്നു.

എട്ട്) സമാനമായ മറ്റൊരു കേസിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് ഹാജരാക്കപ്പെട്ടിട്ടുണ്ട് . ആയത് പരിശോധിച്ചു. പ്രസ്തുത സ്കൂളിന്റെ കാര്യത്തിൽ ഒന്നാം ക്ളാസ്സിൽ 33 കുട്ടികൾ അറബി പഠിക്കുന്നതിനുണ്ടായിരുന്നെങ്കിലും 30 കുട്ടികളെ മാത്രമേ

പ്രഥമാദ്ധ്യാപകൻ സമ്പൂർണ്ണയിൽ ചേത്തിരുന്നുള്ളൂ. ബാക്കി 3 കുട്ടികളെ കൂടി ഉൾപ്പെടുത്തണമെന്ന അപേക്ഷയാണ് അവിടെ പരിഗണിച്ചിരുന്നത്. ഈ അവകാശവാദം ശരിയാണോ എന്നുറപ്പിക്കുന്നതിന് ഡയറക്ടറുടെ നിർദ്ദേശപ്രകാരം വിദ്യാഭ്യാസ ഓഫീസർ സ്കൂൾ സന്ദർശിച്ച് വിദ്യാർത്ഥികളുടെ സ്കൂൾ രേഖകൾ, പാഠപുസ്തക വിതരണ രജിസ്റ്റർ പ്രൊമോഷൻ ലിസ്റ്റ് എന്നിവ പരിശോധിച്ച് പ്രസ്തുത 3 കുട്ടികൾ അറബി പഠിച്ചിരുന്നു എന്ന് ഉറപ്പുവരുത്തി റിപ്പോർട്ടു ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് അവരെക്കൂടി ഉൾപ്പെടുത്താൻ പ്രസ്തുത സർക്കാർ ഉത്തരവ് വഴി അനുമതി നൽകിയിരുന്നത്. ആ കേസിൽ നിയമാനുസൃതമുള്ള അപ്പീൽ/ റിവിഷനുകൾ പരിഗണിക്കപ്പെട്ട് കെ.ഇ.ആർ അദ്ധ്യായം XXIII ചട്ടം 12F പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയാണുണ്ടായത്. ആ ഉത്തരവിൽ പരാമർശിച്ചു കാണുന്ന തരത്തിൽ അപ്പലേറ്റ്/ റിവിഷനറി തലത്തിൽ പരിശോധനകൾ നടത്തിയതിന്റെ യാതൊരു രേഖകളും വിദ്യാഭ്യാസ അധികൃതരോ മാനേജരോ ഇവിടെ ഹാജരാക്കിയിട്ടില്ല. മാത്രമല്ല, 3 കുട്ടികളെ ഉൾപ്പെടുത്താൻ വിട്ടുപോയ കേസിനു സമാനമായി 125 കുട്ടികളെ ഉൾപ്പെടുത്താൻ വിട്ടുപോയത് അംഗീകരിക്കാനാകില്ലെന്നു മാത്രമല്ല, ആയത് സാമ്പത്തിക ബാദ്ധ്യത വരുത്തുന്ന വിഷയമായതിനാൽ ഗൗരവപൂർവ്വം കാണേണ്ടതായ വീഴ്ചയുമാണ്. അതിനാൽ മുൻ സർക്കാർ ഉത്തരവിലെ സാഹചര്യങ്ങളുമായി മേൽ റിവിഷൻ ഹർജിയിലെ സാഹചര്യങ്ങൾക്ക് സമാനത അവകാശപ്പെടാനാകില്ലെന്നു കാണുന്നു.

മേൽ വിവരിച്ച സാഹചര്യങ്ങൾ കണക്കിലെടുത്ത് പരാമർശം 1 പ്രകാരം സമർപ്പിച്ച റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA.S.GEORGE
അണ്ടർ സെക്രട്ടറി

പകർപ്പ്:-പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പരപ്പനങ്ങാടി

മാനേജർ, എ.എം.എൽ.പി. സ്കൂൾ, പെരുന്തൊടിപ്പാടം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by Mini.t.r.
Date: 06-09-2022 13:43:12
സെക്ഷൻ ഓഫീസർ

സ.ഉ.(സാധാ) നം.5318/2022/GEDN